LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പത്രപ്രവർത്തകർക്കുള്ള പെൻഷൻ 21-3-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 5/2015/ഐ.&പി.ആർ. പ്രകാരം 8,000 രൂപയാക്കിയും നോൺ ജേർണലിസ്റ്റുകൾക്കുള്ള പെൻഷൻ 6-8-2015-ലെ സ.ഉ. (സാധാ) നമ്പർ 381/2015/ ഐ&പി.ആർ. പ്രകാരം 5000 രൂപ ആക്കിയും വർദ്ധിപ്പിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

**സംഘർഷ മേഖലകളിലുള്ള മലയാളികൾ**

81 (1552) ശ്രീ.ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിലെ സംഘർഷ മേഖലകളിൽ നിന്നും മലയാളികളെ സുരക്ഷിതമായി എത്തിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) വിദേശ രാജ്യങ്ങളിലെ കലാപബാധിതമായ സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവർ/അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി നോർക്ക- റൂട്ട്സ് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈനും കൺട്രോൾ റൂമും ഏർപ്പെടുത്തിയിട്ടുണ്ട്. 24 മണിക്കൂർ ഹെൽപ്പ്ലൈൻ മുഖാന്തരം നാട്ടിൽ എത്തുവാൻ സഹായ അഭ്യർത്ഥിക്കുന്നവരെ ഇന്ത്യൻ എംബസ്സിയും കേന്ദ്ര വിദേശകാര്യ മന്ത്രാലയവും മുഖാന്തരം തിരികെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംഘർഷ ബാധിത പ്രദേശങ്ങളിൽനിന്നും മലയാളികളെ അടിയന്തരമായി നാട്ടിലെത്തിക്കുന്നതിനുള്ള ചെലവുകൾക്കായി '2230-01-103-74-എമർജൻസി നിപ്പാടിയേഷൻ ഫണ്ട്' എന്ന ശീർഷകത്തിൽ തുക വകയിരുത്തി പ്രസ്തുത പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.